"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - കോഴിക്കോട് കോർപ്പറേഷനിൽ എൽ.ഡി ക്ലർക്ക് - കെ.എസ്.സുധീറിന്റെ മകൻ ശ്രീ. ശ്രീജിത്ത്.കെ.സുധീർ - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.249/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/10/2021

പരാമർശം:-
1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
2. ശ്രീ. ശ്രീജിത്ത്.കെ.സുധീർ സമർപ്പിച്ച 14.02.2018 തീയതിയിലെ അപേക്ഷ
3. നഗരകാര്യ ഡയറക്ടറുടെ 04.07.2018 , 26.02.2020 എന്നീ തീയതികളിലെ ഇ4-12394/2018 നമ്പർ കത്ത്.
4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 04.11.2019 , 17.03.2021 തീയതികളിലെ DCKKD/1 0380/2018-S4 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷനിൽ എൽ.ഡി ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 15.05.2012-ന് മരണപ്പെട്ട കെ.എസ്.സുധീറിന്റെ മകൻ ശ്രീ. ശ്രീജിത്ത്.കെ.സുധീർ(സൂര്യകിരൺ, തലഞ്ചീരിത്തോപ്പിൽ കാമ്പുറം ബിച്ച് ,വെസ്റ്റിഹിൽ പി.ഒ, കോഴിക്കോട് , 673005) അപേക്ഷ സമർപ്പിച്ചിരുന്നു. കെ.എസ്.സുധീറിന്റെ സേവനകാലം 24 വർഷവും 11 മാസവും 01 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 03.05.1967 , 15.06.1987 ആണ്. നഗരകാര്യ ഡയറക്ടറും കോഴിക്കോട് ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.അപേക്ഷകൻ പ്ലസ് ടു വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തീയതി 21.01.2000 എന്നതുമാണ്.ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ. ശ്രീജിത്ത്.കെ.സുധീർ-ന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാൻ അവിവാഹിതനാണ്. ശ്രീ. ശ്രീജിത്ത്.കെ.സുധീർ-യുടെ കുടുംബ വാർഷിക വരുമാനം 3,38,711/- രൂപയാണെന്ന് (മൂന്ന് ലക്ഷത്തി മുപ്പത്തിഎട്ടായിരത്തി എഴുനൂറ്റിപതിനൊന്ന് രൂപ മാത്രം) കസബ വില്ലേജ് ഓഫീസറും കോഴിക്കോട് ജില്ലാ കളക്ടറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷനിൽ എൽ.ഡി ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 15.05.2012-ന് മരണപ്പെട്ട കെ.എസ്.സുധീറിന്റെ മകൻ ശ്രീ. ശ്രീജിത്ത്.കെ.സുധീറിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ എതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലാർക്ക്'ബിൽ കളക്ടർ തസ്തികയിൽ ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ ടി ആശ്രിത നിയമനം അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4.ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി /അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡീഷണൽ സെക്രട്ടറി

പകർപ്പ്:
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
ജില്ലാ കളക്ടർ , കോഴിക്കോട്.
ശ്രീ. ശ്രീജിത്ത്.കെ.സുധീർ, സൂര്യകിരൺ, തലഞ്ചീരിത്തോപ്പിൽ കാമ്പുറം ബിച്ച് വെസ്റ്റ്ഹിൽ പി.ഒ കോഴിക്കോട് , 673005
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/160/2018-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ